ഫോൺ: 0495 -2365040 (6 ലൈൻ)
ഫാക്സ്: 0495 -2366875

# കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസ് പി. ബി. നമ്പർ 1115, കോഴിക്കോട് 673 032
e-mail-secretarykkd@gmail.com
website : www-kozhikodecorporation. lsgkerala.gov.in

സെക്രട്ടറി,

TP4/101267/23, KKD-2702011

തിയ്യതി –19.12.2023

സ്വീകർത്താവ്,

ജോയിന്റ് ഡയറക്ടർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
കോഴിക്കോട്.

സർ,

വിഷയം – കോഴിക്കോട് കോർപ്പറേഷൻ – ടൗൺ പ്ലാനിംഗ് വിഭാഗം – നവകേരള സദസ്സ്– അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുന്നത് – സംബന്ധിച്ച്.

സൂചന– 1. ശ്രീ. ഗോപാലൻ എന്നവർ നവകേരള സദസ്സിൽ സമർപ്പിച്ച അപേക്ഷ.
2. നഗരസഭ ഓവർസിയറുടെ റിപ്പോർട്ട്.

***************

കോഴിക്കോട് കോർപ്പറേഷനിലെ ഇലക്ട്രൽ വാർഡ്-18,റവന്യൂ വാർഡ് 32 ൽ കോട്ടാം പറമ്പ് ജംഗ്ഷനടുത്താണ് പരാതിക്കടിസ്ഥാനമായ കെട്ടിടം നിലനിൽക്കുന്നത്. നിലവിലുള്ള CWRDM - പനാത്ത്താഴം റോഡിന്റെ 15മീറ്റർ Widening ആവശ്യത്തിനായി ടി സ്ഥലത്ത് നിലവിലുണ്ടായിരുന്ന 18/2309 നമ്പർ പ്രകാരമുള്ള ഒടിട്ട കെട്ടിടത്തിന്റെ മുൻ ഭാഗം പൊളിച്ച് കളയേണ്ടി വന്നിട്ടുള്ളതാണ്. ശേഷിച്ച ഭാഗം ഉടമകൾ തന്നെ നഗരസഭയുടെ അനുമതിയോ അംഗീകാരമോ ഇല്ലാതെ GF+ FF ആയി കോൺക്രീറ്റ് സ്ലാബ് ആക്കി മാറ്റുകയും ചെയ്തിട്ടുള്ളതാണ്. GF-ൽ ഷട്ടർ ഘടിപ്പിച്ച 3 മുറികളും, First Floor 2 മുറികളുമായിട്ടാണ് നടത്തിയത്. ഇത് കെഎം.ബി.ആർ 4(2) ലംഘനമാണ്. മേൽ പ്രകാരം പൂർത്തീകരിച്ച കെട്ടിടത്തിന്റെ മുൻവശം 3 മീറ്റർ കിട്ടേണ്ട സ്ഥലത്ത് 0.70 Meter ഉം ബാക്കിയുള്ള പാർശ്വ വശങ്ങളും, പിൻഭാഗവും അതിരിനോട് ചേർന്നുമാണ് നടത്തിയത്. ആയത് കെ.എം.ബി.ആർ 23(2),26(4) ലംഘനമാവുന്നു.

പൂർത്തീകരിച്ച കെട്ടിടത്തിൽ GF ലെ 3 മുറികളിലും FF ലെ 2 മുറികളിലും വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നിലവിലുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് തന്നെ നിലവിലുള്ള 18/2309 എന്ന പഴയ കെട്ടിട നമ്പർ ഉപയോഗിച്ചാണ്. മേൽ അപാകതകൾ പരിഹരിച്ച് പുതിയ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ കക്ഷിയുടെ അപേക്ഷയിൽ മേൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

വിശ്വസ്തതയോടെ,

സെക്രട്ടറി

വി/19/12